കൂടാതെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ എല്ലാ ജില്ലകളിലെയും ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർ അന്യ സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥലങ്ങൾ സന്ദർശിച്ച് അന്യസംസ്ഥാന തൊഴിലാളികളെ ടി പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്തു വരുന്നു. അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന് കേരള മൈഗ്രന്റ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ബിൽ 2013 സർക്കാർ തയ്യാറാക്കി വരുന്നു. ടി ബില്ലിൽ അന്യ സംസ്ഥാന തൊഴിലാളികളുടെ നിർബന്ധിത രജിസ്ട്രേഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കുടിയേറ്റ തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നാളിതുവരെ നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) മരണാനന്തര ധനസഹായം, അപകടമരണ ധനസഹായം, ചികിത്സാ ധനസഹായം, പ്രസവ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, മരണപ്പെട്ട തൊഴിലാളികളുടെ ഭൗതികശരീരം നാട്ടിലെത്തിക്കുന്നതിനുള്ള ധനസഹായം, ആശ്വാസ ധനസഹായം.

(സി) കുടിയേറ്റ തൊഴിലാളികൾ ജോലിക്കിടെ മരണപ്പെട്ട എത്ര സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; എങ്കിൽ അവരുടെ കുടുംബങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്;

(സി) കുടിയേറ്റ തൊഴിലാളികൾ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെങ്കിൽ മാത്രമേ ആനുകൂല്യങ്ങൾ ലഭിക്കാറുള്ളൂ. രജിസ്റ്റർ ചെയ്തതിൽ ഒരു തൊഴിലാളി ഇപ്രകാരം മരണപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ കണ്ണൂർ ജില്ലയിൽ അംഗമായ കർണ്ണാടക സ്വദേശി ഷിദ്ധലിങ്കേശ്വറിന്റെ ജോലിയ്ക്കിടെ സംഭവിച്ച അപകട മരണത്തിന് ടിയാന്റെ മാതാവിന് അപകട മരണ ധനസഹായമായി 50,000/- രൂപയും ഭൗതിക ശരീരം സ്വന്തം ദേശത്തേയ്ക്ക് കൊണ്ടുപോയതിന് 5,000/- രൂപയും അനുവദിച്ചിട്ടുണ്ട്. 2013-14 കാലയളവിൽ 15-ൽപ്പരം കുടിയേറ്റ തൊഴിലാളികൾ ജോലിക്കിടെ മരണപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.